പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2585 07.10.2016-ലെ മറുപടിക്ക്

## ദേശസാൽകൃത റൂട്ടുകളിൽ ബസ് സർവ്വീസ്

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ദേശസാൽകൃത റൂട്ടുകളിൽ ബസ് സർവ്വീസ് നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി. യ്ക്ക് മാത്രമാണോ ഉള്ളത്; വ്യക്തമാക്കാമോ; | (എ) | അല്ല.<br>ദേശസാൽകൃത റൂട്ടുകളിൽ ഓരോ സ്കീമുകളുടെയും നിബന്ധനകൾക്ക് വിധേയമായി സ്വകാര്യ ബസ്സുകൾക്കും പെർമിറ്റ് അനുവദിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത റൂട്ടുകളിൽ താൽക്കാലിക പെർമിറ്റ് നേടിയ സ്വകാര്യ ബസുകൾ സർവ്വീസ് തുടരുന്നുണ്ടോ; | (ബി) | നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചിട്ടുള്ള താൽക്കാലിക പെർമിറ്റ് നേടിയ സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | ദേശസാൽകൃത റൂട്ടുകളിലും ദീർഘദൂര റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. വഴി മാത്രം സർവ്വീസ് നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) | നിലവിലുള്ള സ്കീമുകളുടെ നിബന്ധന പ്രകാരം കെ.എസ്.ആർ.ടി.സി. മാത്രമേ പുതിയ പെർമിറ്റുകൾ അനുവദിക്കുകയുള്ളൂ. കേരളത്തിൽ സൂപ്പർ ക്ലാസ് ദീർഘദൂര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നൽകുന്നതിന് ഉത്തരവുണ്ട്. |

സെക്ഷൻ ഓഫീസർ